
സൂര്യാ പിക്ചേഴ്സ്
പ്രവാഹം
ശശികുമാർ • R. സോമനാഥ്
CENTRAL PICTURES RELEASE

സൂര്യാപിക്ച്ചേഴ്സ്

# "പ്രവാഹം"

അഭിനയിക്കുന്നവർ

| | |
|---|---|
| പ്രേംനസീർ | റീന |
| വിൻസന്റ് | ശ്രീലത |
| ഭാസി | കവിയൂർ പൊന്നമ്മ |
| ബഹദൂർ | മീന |
| ജോസ്പ്രകാശ് | പ്രേമ |
| ശങ്കരാടി | ബേബിസുമതി |
| മുത്തയ്യ | മാസ്റ്റർ രഘു |
| തൃശ്ശൂർ രാജൻ | മാസ്റ്റർ വേണു |
| വിധുബാല | മാസ്റ്റർ വല്യംസ് |

x x z x

തിരക്കഥ-സംഭാഷണം-ഗാനങ്ങൾ — ശ്രീകുമാരൻതമ്പി.

സംഗീതം — അർജ്ജുനൻ

പാടിയവർ — യേശുദാസ്, ജയചന്ദ്രൻ, വാണീജയറാം, L. R. ഈശ്വരി

മേക്കപ്പ് — രാമചന്ദ്രൻ

| | |
|---|---|
| വസ്ത്രാലങ്കാരം — | മുത്തു - കാസിം |
| സ്റ്റണ്ട് — | ഷെട്ടി B. N. |
| കലാസംവിധാനം — | K. ബാലൻ |
| നൃത്തസംവിധാനം — | വൈക്കം മൂർത്തി |
| നിശ്ചലഛായാഗ്രഹണം — | കൃഷ്ണൻ |
| സ്റ്റുഡിയോ — | ശ്യാമള, അരുണാചലം, വാസു. |
| ലാബ്രട്ടറി — | എം. വി. എം. |
| നിർമ്മാണനിർവ്വാഹണം — | T. K. K. നമ്പ്യാർ |
| ചിത്രസംയോജനസഹായി — | മാധവൻ, പുത്രൻ |
| ചിത്രസംയോജനം — | K. ശങ്കുണ്ണി |
| സംവിധാനസഹായി — | G. പ്രേംകുമാർ |
| അസോസിയേറ്റ് ഡയറക്ടർ — | ബേബി |
| ഛായാഗ്രഹണം — | J. G. വിജയൻ |
| നിർമ്മാണം — | R. സോമനാഥ് |
| സംവിധാനം — | ശശികുമാർ |

വിതരണം — സെൻട്രൽ പിക്ചേഴ്സ്

# പ്രവാഹം ( കഥാസാരം )

ധനാഢ്യനായ ഭാസ്ക്കരൻ മുതലാളിക്കു് ജ്യോതിഷത്തിൽ അന്ധമായ വിശ്വാസമാണു്. ആ വിശ്വാസം ക്രമേണ അദ്ദേഹത്തിന്റെ മനസ്സിന്റെ ഏററവും വലിയ ദൌർബല്യമായിതീർന്നു. വിശാലഹൃദയനായ ദാമോദരമേനോനും സങ്കുചിതമനഃസ്ഥിതിക്കാരനായ രവീന്ദ്രനും ഭാസ്ക്കരൻ നടത്തിവരുന്ന വ്യവസായശാലയിലെ പങ്കാളികളാണു്. രവീന്ദ്രനും ഭാസ്ക്കരൻ മുതലാളിയും ശീതസമരമാരംഭിച്ചിട്ടു് നാളുകൾ പലതായി.

ഭാസ്ക്കരൻമുതലാളിയുടെ ഭാര്യ ലക്ഷ്മി ഒരാൺകുട്ടിയെ പ്രസവിച്ചു.— അതേസമയംതന്നെ അദ്ദേഹത്തിന്റെ മാതാവു് മരണമടഞ്ഞു, ഇതു് ഒരു ദുശ്ശകുനമാണെന്നു് ഭാസ്ക്കരൻ മുതലാളി വിശ്വസിച്ചു. ഈ അവസരം മുതലെടുക്കാൻ അദ്ദേഹത്തിന്റെ സഹോദരിയായ സാവിത്രി തീരുമാനിച്ചു. ഒരു ജ്യോത്സ്യനെ കൈക്കൂലികൊടുത്തു വശത്താക്കാൻ സാവിത്രിക്കു് പ്രയാസമൊന്നുമുണ്ടായില്ല. ജനിച്ച ശിശു കുടുംബത്തിന്റെ അന്തകനായിത്തീരുമെന്നും അതിന്റെ പ്രഥമ ലക്ഷണമാണു് ജനനസമയത്തുനടന്ന മരണമെന്നും ജ്യോത്സ്യൻ ഭാസ്ക്കരൻ മുതലാളിയെ പറഞ്ഞു ധരിപ്പിച്ചു. പ്രസവത്തെത്തുടർന്നു ബോധം നശിച്ച മാതാവു് കണ്ണുതുറന്നു മകനെ കണ്ടാൽ ആ നിമിഷംതന്നെ ഇഹലോകവാസം വെടിയുമെന്നും ജ്യോത്സ്യൻ പ്രവചിച്ചു. അന്ധവിശ്വാസിയായ ഭാസ്ക്കരൻ മുതലാളി ആകെ വിഷമിച്ചു — സഹോദരിയുടെ നിർദ്ദേശപ്രകാരം ഭാസ്ക്കരൻ മുതലാളി പിറന്ന ആ കുട്ടിയെ ഉപേക്ഷിച്ചു. മുതലാളിയുടെ വിശ്വസ്ഥനായ ഡ്രൈവർ ഗോപാലൻ ആ കുട്ടിയെ രക്ഷിച്ചു സ്വന്തം വീട്ടിൽ കൊണ്ടുപോയി. ഡ്രൈവറുടെ ഭാര്യ രാജമ്മയും ആ കുട്ടിക്കു് ഉണ്ണികൃഷ്ണൻ എന്നു പേരിട്ടു — കുട്ടികളില്ലാത്ത ആ നിർദ്ധനരായ ദമ്പതികൾ അവനെ ഓമനിച്ചു വളർത്തി. പക്ഷേ ഒരു ലോറി അപകടത്തിൽപ്പെട്ടു് ഡ്രൈവർ ഗോപാലൻ മരിച്ചു. രാജമ്മയും ഉണ്ണികൃഷ്ണനും അനാഥരായി.

ലക്ഷ്മി വീണ്ടും ഒരാൺകുട്ടിയെ പ്രസവിച്ചു. ആകുട്ടിയെ കൊലയ്ക്കു കൊടുക്കാനുള്ള സാഹചര്യം സാവിത്രിക്കൊത്തുകിട്ടിയില്ല. സാവിത്രിക്കും രണ്ടു കുഞ്ഞുങ്ങൾ പിറന്നു. ചന്ദ്രുവും രാഗിണിയും — ലക്ഷ്മിയുടെ രണ്ടാമത്തെ മകൻ വിജയനെകൊണ്ടു് രാഗിണിയെ വി

വാഹം കഴിപ്പിക്കാമെന്നു് സാവിത്രി പ്രതീക്ഷിച്ചു. എന്നാൽ സാവിത്രിയുടെ ഭർത്താവായ രാഘവൻ തന്റെ ഭാര്യയുടെ ചപലബുദ്ധിയെ വിമർശിക്കുക പതിവായിരുന്നു.

അഷ്ടമിരോഹിണിദിവസം ജന്മമെടുത്ത തന്റെ പ്രഥമശിശു മരണമടഞ്ഞു എന്നു വിശ്വസിച്ചിരുന്ന ലക്ഷ്മിയുടെ മാതൃഹൃദയം, ഒരു നോക്കു കാണാൻപോലും തനിക്കു ഭാഗ്യമില്ലാതെപോയ മകനെയോർത്തു്, വേദനിച്ചു് ദിനരാത്രങ്ങൾ തള്ളിനീക്കി. എന്നാൽ ദൈയ്യ

മഹാത്ഭുതമെന്നുതന്നെ പറയട്ടെ; ഒരു അഷ്ടമിരോഹിണിദിവസം അനാഥരായ ഉണ്ണിക്കൃഷ്ണനും രാജമ്മയും ഒരു പ്രത്യേക സാഹചര്യത്തിൽ ആ വീട്ടിൽതന്നെ വന്നുചേർന്നു. കുളത്തിൽ വീണ വിജയനെ രക്ഷപ്പെടുത്തിയ ഉണ്ണിക്കൃഷ്ണനോടു് ലക്ഷ്മിക്കു് അകാരണമായ സ്നേഹം തോന്നുന്നു. നാത്തൂന്റെ എതിർപ്പിനെ വകവെയ്ക്കാതെ ലക്ഷ്മി രാജമ്മയേയും ഉണ്ണിക്കൃഷ്ണനേയും അവിടത്തെ ഔട്ടു് ഹൗസിൽ പാർപ്പിക്കുന്നു. അധികം താമസിയാതെ താൻ വന്നുപെട്ടതു് ഉണ്ണിക്കൃഷ്ണന്റെ സ്വന്തം വീട്ടിലാണെന്ന സത്യം രാജമ്മയ്ക്കു മനസ്സിലായി. അവിടെനിന്നും രഹസ്യമായി രക്ഷപെടാൻ ശ്രമിച്ച രാജമ്മയിൽനിന്നും യാഥാർത്ഥ്യങ്ങൾ ലക്ഷ്മി മനസ്സിലാക്കുന്നു—ഉണ്ണിക്കൃഷ്ണൻ തന്റെ സ്വന്തം മകനാണെന്ന പരമാർത്ഥം ലക്ഷ്മിയുടെ മാതൃഹൃദയത്തിൽ അമൃതധാര ചൊരിഞ്ഞു. എന്നാൽ ഭാസ്കരൻ മുതലാളി ആ വിവരമറിഞ്ഞാൽ വീണ്ടും ഉണ്ണിക്കൃഷ്ണന്റെ ജീവൻ അപകടത്തിലായേക്കുമെന്നു രാജമ്മ ഭയപ്പെട്ടു. ഉണ്ണിക്കൃഷ്ണൻ തന്റെ മകനാണെന്ന സത്യം ഒരിക്കലും പുറത്തു പറയുകയില്ലെന്നു് ഉണ്ണിക്കൃഷ്ണനെ തൊട്ടു് ലക്ഷ്മി സത്യം ചെയ്തു അങ്ങനെ സ്വന്തം മകൻ അമ്മയുടെ വീട്ടിൽ വേലക്കാരനായി വളർന്നു.

കാലം കടന്നു. രാജമ്മ മരിച്ചു. ഉണ്ണിക്കൃഷ്ണൻ വളർന്നു — ദുർമാർഗ്ഗിയായ വിജയനും-ദുഷ്ടനായ ഭാസ്കരൻമുതലാളിയും അവനെ പലതരത്തിൽ നിന്ദിച്ചു. അമ്മ അതെല്ലാം കണ്ടു സഹിച്ചു. ദാമോദരമേനോന്റെ മകൾ ഗിരിജയെ വിജയനെക്കൊണ്ടു വിവാഹം കഴിപ്പിക്കണമെന്നു് ഭാസ്കരൻ മുതലാളി മോഹിച്ചു. പക്ഷെ ഗിരിജ ഉണ്ണിക്കൃഷ്ണനിലാണു് തന്റെ നല്ല ഭാവി കണ്ടെത്തിയതു്. അവന്റെ സ്നേഹം സമ്പാദിക്കാൻവേണ്ടി ഗിരിജ താൻ ഒരു വീട്ടുവേലക്കാരിയാണെന്നു ഭാവിച്ചു.

## ഗാനം 1

ഗാനരചന. ശ്രീകുമാരൻതമ്പി — പാടിയതു് : യേശുദാസ്.
സംഗീതം. അർജ്ജുനൻ.

ചന്ദനം വളരും ഗംഗതൻ കരയിൽ
കാഞ്ഞിരമരവും വളരും,
തങ്കത്താമരവിരിയും പൊയ്കയിൽ
പങ്കവും പായലും നിറയും........ (ചന്ദനം)

---

ഉണ്ണികൃഷ്ണന്റെ നന്മയിൽ അസൂയ തോന്നിയ വിജയൻ അവനെ കുടുക്കിലാക്കി മോഷണക്കുറ്റം ചുമത്തി അവനെ വീട്ടിനുപുറത്താക്കി. നിസ്സഹായയായ ലക്ഷ്മി മകനെ നിർദ്ദയം ഇറക്കിവിടേണ്ടിവന്നു

പിന്നീടു് എന്തു സംഭവിച്ചു? ജീവിതത്തിന്റെ പ്രവാഹത്തിൽ ചിതറിപ്പോയ ഹൃദയങ്ങൾ വീണ്ടും ഒന്നുചേരുമോ? വെള്ളിത്തിര മറുപടി നൽകട്ടെ!

കനകത്താമ്പാളത്തിലെടുത്താലും
കാഞ്ഞിരത്തിൻപഴം കയ്ക്കും.
നല്ല കുടുംബത്തിൽ ജനിച്ചിട്ടും
നാരീമണിയിവർ നരിയായി–അയ്യോ..
ചന്ദനമരമാണെന്നമ്മ-വെറും-
കാഞ്ഞിരമാണീ കുഞ്ഞമ്മ! (ചന്ദനം)

കാട്ടുതീയിൽ വെന്തുകരിഞ്ഞാലും
കർപ്പൂരച്ചില്ലമരം മണക്കും
പനിനീർപ്പൂങ്കാവിൽ വളർന്നാലും
കടലാവണക്കിനു ദുർഗന്ധം
കർപ്പൂരലതയാണെന്നമ്മാ–വെറും
കടലാവണക്കീ കുഞ്ഞമ്മ.... (ചന്ദനം)

## ഗാനം 2

ഗാനരചന : ശ്രീകുമാരൻതമ്പി — പാടിയവർ: ജയചന്ദ്രൻ & പാർട്ടി
സംഗീതം : അർജ്ജുനൻ

Life is wonderful
World is colourful

Love is a waterfall
Every girl is a thunder ball. (Life)

ഈ പ്രേമ ജലധിയിൽ
ഈ സ്വപ്ന ലഹരിയിൽ
പുതിയ ചരസ്സിന്നനുഭൂതികളിൽ
പുളഞ്ഞുനീന്താം
ചിരിയുടെ തിരകളിലലിയാം.

Forget yesterdays
And sing with today's dreams. (Life)

ഈ ചിത്രവേദിയിൽ
ഈ വർണ്ണ മേളയിൽ
മദിരാക്ഷികളുടെ മധുരസുഗന്ധം
നുകർന്നുറങ്ങാം
മദിരതൻ തിരകളിലലിയാം.

Forget yesterdays
And sing with today's dreams. (Life)

## ഗാനം 3

ഗാനരചന : ശ്രീകുമാരൻതമ്പി. പാടിയതു്:
സംഗീതം : അർജ്ജുനൻ യേശുദാസ്.

സ്നേഹഗായികേ നിൻസ്വപ്നവേദിയിൽ
ഗാനോത്സവമെന്നു തുടങ്ങും–? ആനന്ദ
ഗാനോത്സവമെന്നു തുടങ്ങും (സ്നേഹഗായികേ)

നിൻ പ്രേമപൂജതൻ നിർവൃതീപുഷ്പങ്ങൾ
നിത്യവും ഞാനണിയും.
നിൻ രാഗം താനം പല്ലവി കേട്ടെൻ
പൊന്നമ്പലമുണരും– മനസ്സാം
പൊന്നമ്പലമുണരും — . . (സ്നേഹഗായികേ)

നിൻപുഷ്പ താലത്തിൽ നിറയുന്ന വർണ്ണങ്ങൾ
നിൻദേവൻ വാരിച്ചൂടും
നിൻമുത്തം ചാർത്തും ഉന്മാദഹർഷം
പൊൻ ചെമ്പകങ്ങളാകും—മാദക
മന്ദസ്മിതങ്ങളാകും . . . (സ്നേഹഗായികേ)

## ഗാനം 4

ഗാനരചന : ശ്രീകുമാരൻതമ്പി
സംഗീതം : അർജ്ജുനൻ
പാടിയതു് : L. R. ഈശ്വരി

എപ്പോഴുമെനിക്കൊരു മയക്കം
എന്നുള്ളിൽ മോഹത്തിൻ കിലുക്കം
എല്ലാർക്കുമെന്നോടൊരടുപ്പം
എനിക്കെല്ലാക്കാലവും ചെറുപ്പം (എപ്പോഴു)

നിദ്രതന്നൂഞ്ഞാലിലാടാൻ
നീ വരുമോ സഞ്ചാരീ–
സ്വപ്നത്തിൻ പൂന്നുള്ളീ രസിക്കാം
സ്വർഗ്ഗത്തെ വെല്ലുവിളിക്കാം !
പണ്ടത്തെ സ്വപ്നങ്ങളും മറക്കു
ഇന്നത്തെ സ്വപ്നത്തിൽ ലയിക്കൂ .. (എപ്പോഴും)

നിൻ ദുഃഖമൌനം കളയൂ
നീ ചിരിക്കൂ സഞ്ചാരീ
ചിത്രാങ്കണങ്ങളിലിരിക്കാം.
ചിത്രങ്ങളെഴുതി രസിക്കാം
പണ്ടത്തെ ചിത്രങ്ങളും മായ്ക്കൂ
ഇന്നത്തെ ചിത്രത്തിൽ ലയിക്കൂ (എപ്പോഴു)

## ഗാനം 5

ഗാനരചന : ശ്രീകുമാരൻതമ്പി
സംഗീതം അർജ്ജുനൻ.
പാടിയവർ
യേശുദാസ്–വാണിജയറാം

M. മാവിന്റെ കൊമ്പിലിരുന്നൊരു
മൈന വിളിച്ചു–ആൺ
മൈന വിളിച്ചു.
വാ........വാ........വാ........

F. മാളികക്കൂട്ടിലിരുന്നൊരു
മൈന വിളിച്ചു–പെൺ
മൈന വിളിച്ചു.
വാ........വാ........വാ........ (മാവിന്റെ)

M. ഭഗവതി പട്ടുടുത്തു പൊന്നശോകം
പാതയിൽ പവൻ വിതറി പൊന്നരളി.

F. പൂക്കാലം പോകുംമുമ്പേ പുതുമഴ തീരുംമുമ്പേ
പൂത്താലി ചാർത്തക്കാമോ കൂടെ വന്നാൽ?
മാളികക്കൂട്ടിലിരിക്കും മൈന പറഞ്ഞു
പെൺമൈന പറഞ്ഞു! (മാവിന്റെ)

M. കനകമണിച്ചിറക തളരുകില്ലേ
കതിരുകണ്ട കിളിനിൻകരംപിടിച്ചാൽ

F. നീലപ്പൂമാനത്തിൽ നമം
ഇണചേർന്നു നിസ്സുമന്നേരം
ജീവന്റെ സംഗീതത്തിൽ മറക്കമെല്ലാം.
മാളികമുട്ടിലിരുന്നാ മൈന പറഞ്ഞു
പെൺമൈന പറഞ്ഞു! (മാവിന്റെ)

## ഗാനം 6

ഗാനരചന : ശ്രീകുമാരൻതമ്പി. പാടിയതു്:
സംഗീതം : അർജ്ജുനൻ യേശുദാസ്

സ്നേഹത്തിൻ പൊൻവിളക്കേ
ത്യാഗത്തിന്നൊളിവിളക്കേ
മനസ്സിന്നമ്പലത്തിൽ വിളങ്ങും മണിവിളക്കേ,
ഇരുട്ടിൽ നിന്നുമെന്നെ കരകയറ്റാൻ വീണ
ഇരുട്ടിൻ മുറിയിലേയ്ക്കു പിടിച്ചിറക്കി (സ്നേഹ)

എൻമുഖംവാടിയാൽ നിൻപുഞ്ചിരി മായുമല്ലൊ
എൻകണ്ണു നനഞ്ഞുപോയാൽ
നിൻ നെഞ്ചു പിടയുമല്ലോ-
ഇന്നു നീ മാളികയിൽ ഞാനോ പെരുവഴിയിൽ
ഈ രാവിൽ നിന്റെ കണ്ണിൽ ഉറക്കം തഴുകുമോ
(സ്നേഹത്തിൻ)

കണ്ണുനീർപ്പൂവുകളാൽ നിൻ പാദപൂജചെയ്യാൻ
എൻ ജീവൻ തുടിച്ചിടുന്നു . .
എന്നു ഞാൻ കാണും നിന്നെ
ഇന്നു ഞാൻ പാപിയെന്നോ- അന്യനെന്നോ
എൻ ദൈവമേ നിനക്കും മറക്കാൻ കഴിഞ്ഞു
വെന്നോ (സ്നേഹത്തിൻ)

National City Press, Kottayam.